


# അവിശ്വാസിയാകാതെ വിശ്വാസി ആയിരിക്കുക

(ലൂക്കാ 1:5 – 25, എഫേ. 5:21 – 6:4, ഉൽ. 17:15 – 22, ഏശയ്യാ 43:1 – 7; 10 – 11)

ബ്ര. റോഷിൻ പൊൻമണിശ്ശേരി MCBS

Vol. 11, Issue: 28

**ആ**രാധാനാക്രമ വത്സരത്തിന്റെ ആരംഭമായ മംഗളവാർത്താ കാലത്തിന്റെ ഒന്നാം ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ, രക്ഷാകരചരിത്രത്തിൽ ഏറ്റവും വലിയ നാഴികക്കല്ലായി മാറിയ ഒരു ശിശുവിന്റെ ജനനത്തെക്കുറിച്ചുള്ള, സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏറ്റവും വലിയവനായിത്തീർന്ന ഒരു ശിശുവിന്റെ ജനനത്തെക്കുറിച്ചുള്ള, മുമ്പേ നടക്കാൻ വിളിക്കപ്പെട്ട ഒരു ശിശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ഇന്ന് തിരുസഭ ധ്യാനവിചിന്തനത്തിനായി നമുക്ക് നൽകിയിട്ടുള്ളത്. മലാക്കി 3:1, ‘‘ഇതാ എനിക്കു മുമ്പേ വഴിയൊരുക്കാൻ ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ തേടുന്ന കർത്താവ് ഉടൻതന്നെ തന്റെ ദൈവാലയത്തിലേയ്ക്കു വരും. നിങ്ങൾക്കു പ്രിയങ്കരനായ ഉടമ്പടിയുടെ ദൂതൻ ഇതാ വരുന്നു.’’

വൃദ്ധരായ സഖറിയാ-എലിസബത്ത് ദമ്പതികൾക്ക് ദൈവം നൽകിയ അനുഗ്രഹമാണ് സ്നാപകയോഹന്നാൻ. വേറൊരു വാക്കിൽ പറഞ്ഞാൽ, ‘ദൈവത്തിന്റെ കൃപ.’ സഖറിയായും എലിസബത്തും ദൈവത്തിന്റെ മുമ്പിൽ പ്രീതികരമായ ജീവിതമാണ് നയിച്ചത്. ദൈവം വെളിപ്പെടുത്തിയ ഹിതമനുസരിച്ച് നീതിനിഷ്ഠയുടെ പാതയിൽ സഞ്ചരിക്കുകയും കർത്താവിന്റെ ഹിതം നിറവേറുന്നതിനായി ജീവിതത്തിൽ ഒരിടം തുറന്നിടുകയും ചെയ്തവരാണ് ഇവർ. വാർദ്ധക്യത്തിലേയ്ക്ക് പ്രവേശിച്ചിട്ടും കർത്താവിനെ ശുശ്രൂഷിക്കുന്നതിൽ ഒരു വീഴ്ചയും ഇവർ വരുത്തിയിട്ടില്ല. കാരണം, പിതാവായ ദൈവത്തിന്റെ കൃപയിലും അനുഗ്രഹത്തിലുമുള്ള ഉറച്ച വിശ്വാസം സഖറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിൽ ഒട്ടും കുറയാതെ ഉണ്ടായിരുന്നു. അതോടൊപ്പം ഒരു ശിശുവിനായി പ്രാർത്ഥിച്ച് ഒരുങ്ങിയതായിരുന്നു അവരുടെ ദാമ്പത്യജീവിതം. അതുകൊണ്ടാണ് ദൂതൻ ഇപ്രകാരം പറയുന്നത്: ‘‘നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും.’’ തന്റെ മുമ്പിൽ നീതിനിഷ്ഠരായിരിക്കെ സഹിക്കേണ്ടിവരുന്നവർക്ക് ദൈവം നീതി നടത്തിക്കൊടുക്കും എന്നതിന്റെ സാക്ഷ്യമാണ് സഖറിയ-എലിസബത്ത് ദമ്പതികളുടെ ജീവിതം.

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത സഖറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിൽ മംഗളകരമായ ഒരു നിമിഷമായിരുന്നു. അതുപോലെ തന്നെ, സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും, ജീവിതത്തെ വരിഞ്ഞുമുറുക്കിയ അപമാനം നീക്കിക്കളയു

ന്നതിന്റെയും അറിയിപ്പായിരുന്നു ഗബ്രിയേൽ ദൂതൻ സഖറിയാ-എലിസബത്ത് ദമ്പതികൾക്കു നൽകിയത്.

അനേകരുടെ ജീവിതത്തിൽ ആഹ്ലാദത്തിനു കാരണമായ ദൂതന്റെ അറിയിപ്പ്, നമ്മുടെ ജീവിതവും മംഗളകരമാക്കുന്നതിനായി മൂന്നു സന്ദേശങ്ങളാണ് സഖറിയ-എലിസബത്ത് ദമ്പതികളുടെ ജീവിതത്തിലൂടെ നമ്മുടെ മുമ്പിൽ വച്ചു നീട്ടുന്നത്.

ഒന്നാമതായി, ദൈവത്തിന് വിധേയപ്പെട്ടു ജീവിക്കുക. വി. പൗലോസ് എഫേസോസുകാർക്കെഴുതിയ ലേഖനം 5:21-33 വരെയുള്ള വാക്യങ്ങളിൽ ഭാര്യാഭർതൃബന്ധത്തെക്കുറിച്ച് നാം വായിച്ചുകേട്ടു. 5:21 -ൽ പറയുന്നു: ''ക്രിസ്തുവിനോടുള്ള ബഹുമാനത്തെപ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ.'' കുടുംബജീവിതത്തിന്റെ വിശുദ്ധീകരണത്തിനും ദൈവം കുടുംബത്തിൽ സന്നിഹിതനാകുന്നതിനും ഭാര്യയും ഭർത്താവും പരസ്പരം വിധേയപ്പെട്ടു ജീവിക്കണമെന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കണം, എന്റെ ജീവിതത്തിന്റെ വിശുദ്ധീകരണത്തിനും എന്റെ ജീവിതത്തിൽ ദൈവികസാന്നിദ്ധ്യം അനുഭവിക്കുന്നതിനും ഞാൻ വ്യക്തിപരമായി ദൈവത്തോട് വിധേയപ്പെട്ടു ജീവിക്കണം. സഖറിയായുടെയും എലിസബത്തിന്റെയും ദാമ്പത്യ ജീവിതം വിശുദ്ധീകരിക്കപ്പെട്ടതും അവരുടെ ജീവിതത്തിൽ ദൈവം ഇടപെട്ടതും അവർ ദൈവത്തോടും, തമ്മിൽത്തമ്മിലും വിധേയപ്പെട്ട് ജീവിച്ചതുകൊണ്ടാണ്.

രണ്ടാമതായി, ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക. ഉൽപത്തി 17:21, സാറായിൽ അടുത്ത വർഷം ഈ സമയത്ത് നിനക്ക് ഒരു പുത്രൻ ജനിക്കുമെന്ന് ദൂതൻ അബ്രാഹത്തോടു പറയുമ്പോൾ നൂറു വയസ്സായ അബ്രാഹത്തിനും തൊണ്ണൂറിൽ എത്തിനിൽക്കുന്ന സാറായ്ക്കും പുത്രൻ ജനിക്കുന്നത് മനുഷ്യൻ ഒരുക്കിയ സമയത്തല്ല, ദൈവം തിരഞ്ഞെടുത്ത സമയത്താണ്. സഖറിയായും എലിസബത്തും ദൈവത്തിന്റെ ഇടപെടലിനായി പ്രാർത്ഥിച്ചൊരുങ്ങി കാത്തിരുന്നവരാണ്. നമ്മുടെ ജീവിതത്തിലും കുറവുകളും പോരായ്മകളും ഉണ്ടാകുമ്പോൾ, എത്ര പ്രാർത്ഥിച്ചിട്ടും മറുപടി ലഭിക്കുന്നില്ലെന്ന് ചിന്തിക്കുമ്പോൾ ദൈവത്തിനെതിരെ തിരിയാതെ, ദൈവത്തെ കുറ്റപ്പെടുത്താതെ, ദൈവത്തിന് എന്റെ ജീവിതത്തിൽ ഇടപെടാനുള്ള സമയമുണ്ട് എന്ന് വിശ്വസിച്ച് കർത്താവിന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കണം.

മൂന്നാമതായി, അവിശ്വാസിയാകെ വിശ്വാസി ആകുക. ലൂക്കാ 1:20 ''ദൂതൻ സഖറിയായോടു പറഞ്ഞു: യഥാകാലം പൂർത്തിയാക്കേണ്ട എന്റെ വചനം അവിശ്വസിച്ചതുകൊണ്ട് നീ മൂകനായിത്തീരും.'' ദൈവഹിതത്തെ മാനുഷികമായ തലത്തിൽ നിന്നുകൊണ്ട് ചിന്തിച്ചതുകൊണ്ടാണ് സഖറിയ മനുഷ്യന്റെ പരിമിതികൾക്ക് പ്രാധാന്യം നൽകിയതും ദൈവഹിതത്തെ സംശയിക്കുന്നതും മൂകനായിത്തീരുന്നതും. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല. മനുഷ്യന്റെ പരിമിതികളിലും കുറവുകളിലുമാണ് ദൈവത്തിന്റെ ഇടപെടൽ സാദ്ധ്യമാകുന്നതെന്ന ഉറച്ചബോധ്യം നമ്മുടെ ജീവിതത്തിലുണ്ടാകണം. തോമാശ്ലീഹാ ഉത്ഥിതനായ ഈശോയെ സംശയിക്കുന്നത് മാനുഷികമായ തലത്തിൽ നിന്നുകൊണ്ട് ദൈവികതയെ നോക്കിക്കണ്ടതുകൊണ്ടാണ്. അപ്പോൾ ഈശോ തോമാശ്ലീഹായോട് പറയുന്നുണ്ട്, യോഹ. 20:27-ൽ ''അവിശ്വാസിയാകെ വിശ്വാസി ആയിരിക്കുക.'' നമ്മുടെ ജീവിതത്തിലും ദൈവികമായതിനെ മാനുഷികമായി മാത്രം നോക്കിക്കാണാതെ ദൈവികമായി നോക്കിക്കാണാനും അതിലൂടെ വിശ്വാസത്തിന്റെ ജീവിതം നയിക്കാൻ സാധിക്കുമെന്നും തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

എന്റെയും നിങ്ങളുടെയും ജീവിതം ദൈവകൃപയുടെ അടയാളങ്ങളാണ്. ആ കൊച്ചുജീവിതത്തിൽ ദൈവത്തിനു മുഴുവനായും വിധേയപ്പെട്ടും, ദൈവത്തിന്റെ ഇടപെടലിനായി കാത്തിരുന്നും വിശ്വാസത്തിന്റെ ജീവിതം നയിച്ചും, നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ മഹത്വപ്പെടുത്തിയും ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും മംഗളകരമായ നിമിഷങ്ങളുണ്ടാകും. സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ജീവിതം നയിക്കാൻ നമുക്കു സാധിക്കും. ദൈവത്തിന്റെ കൃപ നിറഞ്ഞൊഴുകുന്ന വിശുദ്ധ കുർബാനയിൽ ആയിരിക്കുമ്പോൾ നമുക്കും പ്രാർത്ഥിക്കാം, സഖറിയാ-എലിസബത്ത് ദമ്പതികളുടെ ജീവിതത്തിൽ യോഹന്നാനെ നൽകി ദൈവം കൃപ ചൊരിഞ്ഞതുപോലെ എന്റെ ജീവിതത്തിലും ദൈവകൃപ ചൊരിയണമേ എന്ന്. ദൈവം നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.